പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1506 10-02-2020-ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ശശീന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വയനാട് ജില്ലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പായി; എത്ര അപേക്ഷകൾ നിരസിച്ചു; ഇനി എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ കർഷകർക്ക് കടാശ്വാസത്തിനായി കമ്മീഷനിൽ അപേക്ഷ സമർപ്പിക്കേണ്ട തീയതി 31.12.2019 വരെയായിരുന്നു. 2018-19 കാലയളവിൽ വയനാട് ജില്ലയിൽ നിന്നും കടാശ്വാസത്തിന് പരിഗണിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തി യോഗ്യമായ 3558 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 1678 എണ്ണം കടാശ്വാസ ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി സിറ്റിംഗിനായി സമർപ്പിച്ചിട്ടുണ്ട്. ഇനി ആറായിരത്തോളം അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യമായ അപേക്ഷകൾ കണ്ടെത്തേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ ഇനി 1880 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ കർഷക കടാശ്വാസ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ കടാശ്വാസം കർഷകർക്ക് ലഭ്യമാക്കിയെന്നതിന്റെ വർഷം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ പദ്ധതി പ്രകാരം കർഷകർക്ക് ലഭ്യമാക്കിയ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | കമ്മീഷൻ ശിപാർശ ചെയ്ത തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2016-17 | 11,76,26,021 | 20,00,00,000 |
| 2017-18 | 10,99,82,209 | 19,76,74,265 |
| 2018-19 | 12,60,42,674 | 6,74,71,222 |
| 2019-2020 (2019 ഡിസംബർ വരെ) | 14,20,84,589 | 17,34,63,192 |
| ആകെ | 495735493 | 638608679 |

| | | | |
|---|---|---|---|
| (സി) | കർഷക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യം ലഭിച്ച കർഷകർക്ക് സർക്കാർ ബാങ്കിൽ വിഹിതം അടയ്ക്കാത്തത് കാരണം ഈടുവെച്ച രേഖകൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | കടാശ്വാസം ലഭിച്ച കർഷകൻ തന്റെ വിഹിതം അടച്ച് കഴിഞ്ഞാൽ ബാങ്കിൽ ഈടായി നൽകിയിരുന്ന രേഖകൾ കാലതാമസം കൂടാതെ തിരിച്ച് നൽകണമെന്ന് കമ്മീഷന്റെ ഉത്തരവിൽ തന്നെ വ്യക്തമാക്കാറുണ്ട്. |
| (ഡി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപ വിവിധ ബാങ്കുകൾക്ക് നൽകാനുണ്ട് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ